"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ - ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം - ഗുണഭോക്താക്കൾക്ക് സ്വന്തമായി ഭൂമി ആർജ്ജിക്കുന്നതിനും ഭവന നിർമ്മാണത്തിനുമുള്ള ധനസഹായം അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No.483/2020/LSGD തീയതി,തിരുവനന്തപുരം, 27/02/2020

പരാമർശം:- 1 ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.12.2019-ൽ കൂടിയ ലൈഫ് മിഷൻ അവലോകന യോഗത്തിലെ 5 -ാം നമ്പർ തീരുമാനം.

2 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 14.02.2020 ലെ എൽ.എഫ്.4/2304/2018/ലൈഫ് നമ്പർ കുറിപ്പ്.

3 26/9/2019 ലെ DB1/304/2019/LSGD നമ്പർ സർക്കുലർ

**ഉത്തരവ്**

ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28.12.2019-ൽ കൂടിയ ലൈഫ് മിഷൻ അവലോകന യോഗത്തിലെ 5 -ാം നമ്പർ തീരുമാനത്തിന്മേൽ സർക്കാർ ഉത്തരവ് പുറപ്പെടവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം 2) പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.പരാമർശം (1) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂരഹിത ഭവനരഹിതരായിട്ടുള്ള

ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കാൻ സ്വന്തമായി ഭൂമി ആർജ്ജിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈഫ് പദ്ധതിക്കുവേണ്ടി മാറ്റിവെച്ചിട്ടുള്ള 20% പദ്ധതി വിഹിതത്തിൽ നിന്നും ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനും, ഭൂമി വാങ്ങിയശേഷം ഭവന നിർമ്മാണത്തിനുമുള്ള ധനസഹായം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ലൈഫ് പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തുകൾ കൈമാറുന്ന ഭൂരഹിത ഭവനരഹിതരായവരുടെ ലിസ്റ്റിൽ നിന്ന് ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കും ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് നേരിട്ട് വ്യക്തിഗത ആനുകൂല്യം നൽകാവുന്നതാണ്. ഇതിനും പരാമർശം 3 പ്രകാരം അംഗീകരിച്ച സർക്കുലറിലെ നിരക്ക ബാധകമായിരിക്കും .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PATSY STEPHEN

JOINT SECRETARY

പകർപ്പ്

ലൈഫ് മിഷൻ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്) കേരള, തിരുവനന്തപുരം.

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**File No.LSGD-DB1/52/2020-LSGD**

ഉത്തരവിൻ പ്രകാരം

ഒ/ സെക്ഷൻ ഓഫീസർ

ബഹു; മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പിഎയ്ക്ക്